# ഭാരതമാതായിൽ കേരളപ്പിറവി ദിനാചരണം

കൊച്ചി: തൃക്കാക്കര ഭാരതമാതാ കോളജിലെ മലയാള വിഭാഗം സംഘടിപ്പിച്ച കേരളപ്പിറവി ദിനാചരണവും മാതൃഭാഷാ വാരാചരണ ഉദ്ഘാടനവും ഗുൽമോഹർ പത്രപ്രകാശനവും നടത്തി. എഴുത്തുകാരനും കോളമിസ്റ്റുമായ രാം മോഹൻ പാലിയത്ത് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൺ അധ്യക്ഷത വഹിച്ചു.



തൃക്കാക്കര ഭാരതമാതാ കോളജിലെ മലയാള വിഭാഗം സംഘടിപ്പിച്ച കേരളപ്പിറവി ദിനാചരണത്തിന്റെ ഭാഗമായി അമ്പലപ്പുഴ സുരേഷ് വർമ തുള്ളൽ അവതരിപ്പിക്കുന്നു.

അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജിമ്മിച്ചൻ കർത്താനം, മലയാള വിഭാഗം അധ്യക്ഷ ഡോ. ലിജി ജോസഫ് , ഫാ. വർഗീസ് പോൾ തൊട്ടിയിൽ തുടങ്ങിയവർ പ്രസംഗിച്ചു. അമ്പലപ്പുഴ സുരേഷ് വർമയും സംഘവും അവതരിപ്പിച്ച കല്യാണ സൗഗന്ധികം തുള്ളലും ഉണ്ടായിരുന്നു. മലയാള വിഭാഗം അധ്യാപകരായ ഡോ. തോമസ് പനക്കളം,സൗമ്യ തോമസ്, ഫാ. അനീഷ് പോൾ, എം.എ. റംസിയ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഭാഷാവാരാചരണം ഏഴിനു സമാപിക്കും.